**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 116** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>പുതിയ ടൂറിസം ഡെസ്റ്റിനേഷനുകൾ വികസിപ്പിക്കാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. അപു ജോൺ ജോസഫ്

ശ്രീ. ഷിബു തെക്കുംപുറം

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ

ശ്രീ. പി. സി. വിഷ്ണുനാഥ്

(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ ടൂറിസം മേഖലയുടെ വികസനത്തിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ;

**<u>മറുപടി:</u> കേരള സർക്കാർ ടൂറിസം മേഖലയുടെ വികസനത്തിനായി ദീർഘകാല പദ്ധതികളും പുതിയ സംരംഭങ്ങളും നടപ്പാക്കുവാൻ നയപരമായ തീരുമാനം എടുത്തിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ അനുബന്ധമായി ചേർക്കുന്നു.**

**(ബി)** പുതിയ ടൂറിസം ഡെസ്റ്റിനേഷനുകൾ കണ്ടെത്തുന്നതിനും വികസിപ്പിക്കുന്നതിനും സർക്കാർ നടത്തിവരുന്ന ശ്രമങ്ങൾ വിശദമാക്കുമോ;

<u>മറുപടി:</u> അടുത്ത 5 വർഷത്തിനുള്ളിൽ പരമാവധി പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങൾ കണ്ടെത്തി വികസിപ്പിക്കുന്നതിനും നിലവിലുള്ള പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്ലാൻ ഫണ്ട് ഉപയുക്തമാക്കിയാണ് ഇത്തരം നടപടികൾ സ്വീകരിക്കുന്നത്.

**(സി)** അടുത്ത അഞ്ചുവർഷത്തിനുള്ളിൽ എത്ര പുതിയ ടൂറിസം ഡെസ്റ്റിനേഷനുകൾ വികസിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നറിയിക്കുമോ;

<u>മറുപടി:</u> പ്ലാൻ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് പുതിയ ടൂറിസം ഡെസ്റ്റിനേഷനുകൾ വികസിപ്പിക്കാനാണ് വകുപ്പ് ലക്ഷ്യമിടുന്നത്.

**(ഡി)** പ്രസ്തുത കേന്ദ്രങ്ങൾ കണ്ടെത്തുന്നതിൽ ടൂറിസം വ്യവസായ പങ്കാളികളുടെ സഹകരണം തേടുമോ; വ്യക്തമാക്കുമോ;

<u>മറുപടി:</u> ഇക്കാര്യത്തിലുള്ള സാധ്യതകൾ സർക്കാരിന്റെ നയത്തിനനുസരിച്ച് പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

**(ഇ)** കണ്ടെത്തുന്ന ഡെസ്റ്റിനേഷനുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

<u>മറുപടി:</u> **ഓരോ ഡെസ്റ്റിനേഷനുകൾക്കും അനുയോജ്യമായ അടിസ്ഥാന വികസന സൗകര്യങ്ങളാണ് വകുപ്പ് ലക്ഷ്യമിടുന്നത്. സന്ദർശകർക്ക് ആവശ്യമായ സുരക്ഷിതത്വം, വാഹന പാർക്കിംഗ് സൗകര്യം, ശുചിത്വം, താമസം എന്നിവയ്ക്ക് ഊന്നൽ നൽകിയിട്ടുള്ള അവലോകന യോഗങ്ങൾ മൂന്നാർ ഉൾപ്പെടെയുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ചേർന്നിരുന്നു. വിനോദ സഞ്ചാരികൾക്ക് സഹൃദയ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് "ഗ്രീൻ മാർഷൽ " പോലുള്ള പദ്ധതികളും സുരക്ഷിതത്വത്തിനായി ടൂറിസം പോലീസിന്റെ സേവനമടക്കം എല്ലാ ജില്ലകളിലും ലഭ്യമാക്കുന്നതിനും സർക്കാർ തലത്തിൽ നടപടികൾ നടന്നുവരികയാണ്. വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ആധുനികസാങ്കേതിക മികവുള്ള ടോയ്‌ലറ്റുകൾ (smart toilets) സ്ഥാപിക്കുന്നതിനാവശ്യമായ നടപടികളും നടപ്പിലാക്കി വരുന്നു.**

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

കേരള സർക്കാർ ടൂറിസം മേഖലയുടെ വികസനത്തിനായി ദീർഘകാല പദ്ധതികളും പുതിയ സംരംഭങ്ങളും നടപ്പാക്കുവാൻ നയപരമായ തീരുമാനം എടുത്തിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ ചുവടെച്ചേർക്കുന്നു.

- 2026-27 പുതുക്കിയ ബജറ്റിൽ ടൂറിസം മേഖലയ്ക്ക് 325.36 കോടി രൂപ അനുവദിച്ചു.
- ഇക്കോ-ടൂറിസം, ജൈവവൈവിധ്യ ടൂറിസം, ഫാം ടൂറിസം, അഗ്രി-ടൂറിസം, ഗ്രാമീണ അനുഭവ ടൂറിസം എന്നിവയ്ക്ക് കൂടുതൽ ഊന്നൽ നൽകിയാണ് സർക്കാർ പ്രവർത്തിക്കുന്നത്.
- കേരളത്തിന്റെ പൈതൃകവും സംസ്കാരവും കോർത്തിണക്കി കൊണ്ടുള്ള പദ്ധതികളാണ് ടൂറിസം മേഖലയിൽ സഞ്ചാരികളെ ആകർഷിക്കുവാനായി വിഭാവനം ചെയ്തിട്ടുള്ളത് . 'ബ്രാൻഡ് വയനാട്' പദ്ധതിയും അഷ്ടമുടി ടൂറിസവും പ്രോത് സാഹിപ്പിക്കും. ടൂറിസം അടിസ്ഥാന സൗകര്യങ്ങൾ, മാരിടൈം ടൂറിസം, പൈതൃക സംരക്ഷണം എന്നിവയിലും ശ്രദ്ധ ചെലുത്തുന്നു.
- അടുത്ത അഞ്ച് വർഷത്തിനുള്ളിൽ പുതിയതും പ്രധാനപ്പെട്ടവയുമായ ടൂറിസ്റ്റ് കേന്ദ്രങ്ങൾ വികസിപ്പിക്കുവാൻ ലക്ഷ്യമിടുന്നു.
- വെൽനസ്, ആയുർവേദം, അനുഭവ (experiential) ടൂറിസം എന്നിവ അന്താരാഷ്ട്ര വിപണിയിൽ അവതരിപ്പിക്കുന്നു.
- ഡെസ്റ്റിനേഷൻ വെഡ്ഡിംഗുകളുടെ കേന്ദ്രമായും കേരളം വളർന്നിട്ടുണ്ട്.
- കേരള ട്രാവൽ മാർട്ട്: സെപ്റ്റംബർ 24-27 തീയതികളിൽ കൊച്ചിയിൽ നടന്ന 13-ാം പതിപ്പിൽ ഏകദേശം 800 അന്താരാഷ്ട്ര buyers-ഉം 2,250 ആഭ്യന്തര buyers-ഉം പങ്കെടുത്തു.
- ഉത്തരവാദിത്ത ടൂറിസം (Responsible Tourism) മിഷൻ- പ്രാദേശിക സമൂഹങ്ങൾക്ക് വരുമാനം ഉറപ്പാക്കിയും പ്രകൃതിയുമായി ഇണങ്ങുന്ന രീതിയിലും ആഗോള മാതൃകയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.

- മുസിരിസ് പൈതൃക പദ്ധതി: ചരിത്ര സ്മാരകങ്ങളുടെ സംരക്ഷണവും വികസനവും ഉദ്ദേശിക്കുന്ന പദ്ധതിയാണ്.
- ചാമ്പ്യൻസ് ബോട്ട് ലീഗ് ആഭ്യന്തര, വിദേശ വിനോദസഞ്ചാരത്തിനു പ്രോത്സാഹനം നൽകുന്നു.
- കൊച്ചി-മുസിരിസ് ബിനാലെ: കലാ ടൂറിസത്തിന് അന്താരാഷ്ട്ര ശ്രദ്ധ നേടിക്കൊടുക്കുന്നു.
- ആഗോള മാർക്കറ്റിംഗ് ക്യാമ്പെയ്നുകൾ സംഘടിപ്പിക്കുന്നു.